**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5440** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ വിഹിതവും മാനേജ്മെന്റ് വിഹിതവും കൃത്യമായി എൻ.പി.എസ്. ട്രസ്റ്റിൽ അടയ്ക്കുന്നുണ്ടോ; എങ്കിൽ അടച്ച തുകയുടെ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ ശമ്പളം പോലും യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്നത്. സർക്കാർ സഹായം ഒന്നുകൊണ്ട് മാത്രമാണ് ജീവനക്കാരുടെ നെറ്റ് ശമ്പളം രണ്ട് ഗഡുക്കളായി വിതരണം ചെയ്യാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന എൻ.പി.എസ്. ഉൾപ്പെടെയുള്ള തുകകൾ യഥാസമയം ഒടുക്കുവാൻ കഴിഞ്ഞിട്ടില്ല. 29.12.2023-ന് ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്ക് തുക ഒടുക്കാത്തതുകാരണം ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി പ്രതിദിന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത തുക Non Departmental Recovery ഒടുക്കുന്നതിനായി മാറ്റിവെക്കണമെന്ന് നിർദ്ദേശിക്കുകയും, ഇതുപ്രകാരം എൻ.ഡി.ആർ. കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2014 ആഗസ്റ്റ് മാസം മുതൽ റിക്കവറി ചെയ്ത എൻ.പി.എസ്. വിഹിതവും തത്തുല്യമായ കോർപ്പറേഷൻ വിഹിതവും ചേർന്ന തുകയിൽ നാമമാത്രമായ തുക മാത്രമേ ബന്ധപ്പെട്ട ജീവനക്കാരുടെ പ്രാൺ അക്കൗണ്ടുകളിൽ നാളിതുവരെയും ഒടുക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ ജീവനക്കാരുടെ വിഹിതവും, കോർപ്പറേഷന്റെ വിഹിതവും ചേർത്ത് 83,04,31,490/- രൂപ എൻ.പി.എസ്. അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന ചെലവുകൾക്കായി ഈ തുക വക മാറ്റിയിട്ടുണ്ടോ; | (ബി) | ലഭ്യമാകുന്ന വരുമാനം കൺസോർഷ്യം വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ്, ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ജീവനക്കാരുടെ പ്രതിദിന അലവൻസുകൾ, എം.എ.സി.ടി., പെൻഷൻ ആനുകൂല്യ വിതരണം, ഇലക്ട്രിസിറ്റി, വാട്ടർ, ടി.ഡി.എസ്. പേമെന്റുകൾ, ഇൻഷ്വറൻസ് തുടങ്ങിയ ദൈനംദിന ആവശ്യങ്ങൾക്കുപോലും മതിയാകാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്നത്. ടി ചെലവുകളെല്ലാം കഴിഞ്ഞ് യാതൊരു തുകയും മാറ്റിവെക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ജീവനക്കാരുടെ നെറ്റ് ശമ്പളം പോലും സർക്കാർ സഹായത്തോടുകൂടിയാണ് വിതരണം ചെയ്തുവരുന്നത്. |
| (സി) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനായി ഈ തുക പ്രതിമാസം അടയ്ക്കുവാൻ മാനേജ്മെന്റിന് നിർദ്ദേശം നൽകുമോ എന്നറിയിക്കുമോ? | (സി) | ലഭ്യമാകുന്ന വരുമാനം കൺസോർഷ്യം വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ്, ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ജീവനക്കാരുടെ പ്രതിദിന അലവൻസുകൾ, എം.എ.സി.ടി., പെൻഷൻ ആനുകൂല്യ വിതരണം, ഇലക്ട്രിസിറ്റി, വാട്ടർ, ടി.ഡി.എസ്. പേമെന്റുകൾ, ഇൻഷ്വറൻസ് തുടങ്ങിയ ദൈനംദിന ആവശ്യങ്ങൾക്കുപോലും മതിയാകാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്നത്. ടി ചെലവുകളെല്ലാം കഴിഞ്ഞ് യാതൊരു തുകയും മാറ്റിവെക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ജീവനക്കാരുടെ നെറ്റ് ശമ്പളം പോലും സർക്കാർ സഹായത്തോടുകൂടിയാണ് വിതരണം ചെയ്തുവരുന്നത്. നിലവിൽ ജീവനക്കാർ വിരമിക്കുമ്പോൾ ജീവനക്കാരിൽ നിന്നും എൻ.പി.എസ്. വിഹിതമായി റിക്കവറി നടത്തിയ തുകയും, കെ.എസ്.ആർ.ടി.സി.യുടെ തുല്യ വിഹിതവും കൂടി ചേർത്ത് ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ